**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3329** **10-12-2018 ൽ മറുപടിക്ക്**

# കൊല്ലം കോടതി സമുച്ചയ നിർമ്മാണം

**ചോദ്യം**

ശ്രീ. എം. മുകേഷ്

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിന്നും ഉത്തരവുകളോ നിർദ്ദേശങ്ങളോ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എ) കോടതി സമുച്ചയ നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ബാർ അസ്സോസിയേഷനും ശ്രീ. ജോർജ്ജ് വർഗ്ഗീസ്, ശ്രീ.ഡയസ് എന്നിവരും ഫയൽ ചെയ്ത ഡബ്ല്യൂ.പി. (സി) 29723/2015, 7574/2011, സി.സി 14/11 നം. കേസുകളിൽ സംയുക്തമായി 07.03.2018-ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് സംബന്ധിച്ച് ജില്ലാ ജഡ്ജി 21.08.2017-ൽ സമർപ്പിച്ച ഭൂമി കൈമാറ്റ അർത്ഥനാപത്രത്തിന്മേൽ, ഉത്തരവ് തീയതിയായ 07.03.2018 ന് ശേഷം 6 ആഴ്ചയ്ക്കകം ജില്ലാ കളക്ടർ തീരുമാനമെടുത്ത് ബഹു. കോടതിയെ അറിയിക്കാൻ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത സമുച്ചയ നിർമ്മാണത്തി നായി എൻ.ജി.ഒ കോർട്ടേഴ്സ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിൽ നിന്നും ആവശ്യമായ ഭൂമി വിട്ട്നൽകുമ്പോൾ ജീവനക്കാർക്ക് താമസിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ച് നൽകണമെന്നുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി) കൊല്ലം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിർദ്ദേശിച്ചിട്ടുള്ള ഭൂമിയിൽ NGO Quarters സ്ഥിതി ചെയ്യുന്ന ഭൂമിയും ഉൾപ്പെട്ടു വരുന്നു. കോടതി സമുച്ചയത്തിന് ആവശ്യമുള്ളത്ര ഭൂമി ലഭ്യമാക്കണമെങ്കിൽ, NGO Quarters ഒഴിപ്പിച്ച് പുതിയ 80 ഫ്ളാറ്റ് ടൈപ്പ് കെട്ടിടം നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇക്കാരണങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനായി 09.10.2018-ൽ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഈ സ്ഥലത്ത് നിലവിലുള്ള ക്വാർട്ടേഴ്സുകൾ പൊളിച്ചു മാറ്റി പുതിയ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിച്ച് ഭരണാനുമതി തേടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാനും ആയതിനു ശേഷം ഭൂമി കൈമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിൽ പുതുതായി സമർപ്പിക്കാനും കൊല്ലം ജില്ലാ കളക്ടറെ യോഗം ചുമതലപ്പെടുത്തുകയുണ്ടായി. അതനുസരിച്ചുള്ള നടപടികൾ ജില്ലാ കളക്ടർ ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**